"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഡെപ്യൂട്ടി ഡയറക്ടർ - ശ്രീ അജയ് അലക്സ്, നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1167/2024/AGRI തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 671/2024/കൃഷി തീയതി 20/07/2024.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 28/10/2024 ലെ ADFW/808/2024- SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ അജയ് അലക്സ് കേര ഫെഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച ശേഷം വകുപ്പിൽ റിപ്പോർട്ട് ചെയ്യുകയും ടിയാൾക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (C) തസ്തികയിൽ കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ പരാമർശം (1) പ്രകാരം പുനർ നിയമനം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ശ്രീ അജയ് അലക്സ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (C) ടി തസ്തികയിൽ 22/07/2024 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായിയെന്നും ഈ കാലയളവിൽ വകുപ്പിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ് നികത്തപ്പെടാതെ നിലവിലുണ്ടായിരുന്നുവെന്നും ടിയാൾ നിയമനത്തിനായി കാത്തിരുന്ന 21/06/2024 മുതൽ 21/07/2024 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ അജയ് അലക്സ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ, നിയമനത്തിനായി കാത്ത് നിന്ന 21/06/2024 മുതൽ 21/07/2024 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീ അജയ് അലക്സ്(കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/218/2024-AGRI)

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 12-12-2024 12:25:45

സെക്ഷൻ ഓഫീസർ